# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1376** 30.01.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സർവ്വകലാശാലകളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടും പല തസ്തികകളിലും ഇനിയും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | സർവ്വകലാശാലകളിൽ നിലവിലുള്ള അനധ്യാപക തസ്തികകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ചട്ടം മാത്രമേ രൂപീകരിച്ചിട്ടുള്ളു. ബാക്കിയുള്ള തസ്തികകളുടെ നിയമന വ്യവസ്ഥ പി.എസ്.സി അംഗീകരിച്ചതിന് ശേഷം മാത്രമേ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു. ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാലാതലത്തിൽ സ്വീകരിച്ച് സർക്കാരിൽ ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം സർവ്വകലാശാലകളാണ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം സർവ്വകലാശാലകളാണ് ഇനിയും നടപടി സ്വീകരിക്കാത്തത്; | | |
| (സി) | സർവ്വകലാശാലകളിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും എന്നാൽ ഇനിയും പി. എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതുമായ എല്ലാ തസ്തികകളിലും നിയമന നടപടികൾ പി.എസ്.സി. വഴി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**